ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സഹകാര്യ മെഡിക്കൽകോളേജ് മാനേജുമെന്റ് പ്രതിനിധികളുമായിട്ട് ഞാൻ സംസാരിച്ചു. എഞ്ചിനീയറിംഗ് കോളേജ് പ്രതിനിധികളുമായിട്ട് സംസാരിച്ചു. എഞ്ചിനീയറിംഗ് കോളേജിന്റെ ആൾക്കാർ, അവർ 52 പേരുണ്ട്. അവർ മൂന്നോ നാലോ പേരാണ് വന്നത്. അവർ എല്ലാപേരുമായി കൂടിയാലോചിച്ചതിനുശേഷം ഞായറാഴ്ച ഞങ്ങളെ വിവരം അറിയിക്കാമെന്നാണ് പറഞ്ഞിരുന്നത്. സഹകാര്യ മാനേജുമെന്റുകളുടെ കാര്യം അവർ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിലും ഇപ്പോൾ വന്ന ഈ സഹകരണ മേഖലയിലെ കാര്യത്തിലും ഗവൺമെന്റിന് ഒരു തുറന്ന മനസ്സാണുള്ളത്. പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുമാത്രമാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും മറ്റ് നേതാക്കൾക്കുംകൂടി സൗകര്യമാണെങ്കിൽ ഞായറാഴ്ച വൈകുന്നേരംതന്നെ ഈ മറുപടികളുടെ അടിസ്ഥാനത്തിൽ നമുക്ക് എന്തുവേണം എന്നുള്ളതുസംബന്ധിച്ച് തീരുമാനമെടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമ്മൾ തമ്മിലുണ്ടാക്കിയ തീരുമാനം നടപ്പിലാക്കണം. തിങ്കളാഴ്ച മുതൽ കേരളത്തിലെ സ്വകാര്യമാനേജുമെന്റുകൾ അവരുടെ പ്രത്യേക ടെസ്റ്റ് നടത്താൻ പോവുകയാണ്. അവർക്ക് കൂടുതൽ പൈസവാങ്ങാനാണ് മന്ത്രി ഈ പ്രഖ്യാപനം നടത്തിയത്. മാർക്കറ്റിൽ അവരുടെ വില വർദ്ധിപ്പിക്കാൻ സൗകര്യമാണ് ചെയ്തു കൊടുത്തത്. ഇതാണ് ഇവിടുത്തെ പ്രശ്നം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ഇത് സംബന്ധിച്ചുള്ള അനിശ്ചിതത്വം നിലനിൽക്കുന്ന തരത്തിൽ ഏത് നിലയിലും ഈ വാഗ്ദാനം ലംഘിച്ചാൽ ഒന്നുമില്ല, ഒരു ചുക്കുമില്ല. നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ സഹകരിച്ചോ എന്നുള്ള തരത്തിലുള്ള മനോഭാവം വളരെ സൗമ്യമായ നിലയിൽ പറഞ്ഞു എന്നുള്ളതല്ലാതെ ഈ നാട്ടിലെ ജനങ്ങളെ പറ്റിക്കാൻ കഴിയുകയില്ല. വിദ്യാർത്ഥികളെ പറ്റിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ സമീപനത്തോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ സഭയിൽ നിന്നു വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മുഴുവൻ സഭയിൽ നിന്നു ഇറങ്ങിപ്പോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

(2) ഇരിങ്ങാലക്കുട നിയോജകമണ്ഡലം സ്വദേശി ഫാ: ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകത്തെക്കുറിച്ച് പുനരന്വേഷണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലം സ്വദേശി തുരുത്തിപ്പുറം വരപ്രസാദ് നാഥാ പള്ളിവികാരിയായിരുന്ന ഫാ: ജോബ് ചിറ്റിലപ്പിള്ളി 2004 ആഗസ്റ്റ് 28-ന് കൊലചെയ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൊലപാതകവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയും ഒരാളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല എന്നുള്ള ജനകീയ വികാരത്തെമാനിച്ച് സംസ്ഥാന ഗവൺമെന്റ് ഈ കേസ്സ് പുനരന്വേഷണം നടത്താൻവേണ്ടി ഉത്തരവ് ഇറക്കുകയും ഒരു പോലീസ് ടീമിനെ ഇതിനുവേണ്ടി നിയോഗിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാത്തത് നാട്ടിൽ ആശങ്ക പരത്തിയിരിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ഈ പുനരന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഗസ്റ്റ് 28ാം തീയതിയാണ് വരപ്രസാദ് നാഥാ പള്ളിവികാരി ഫാ: ജോബ് ചിറ്റിലപ്പിള്ളി കൊല്ലപ്പെട്ടത്. സെപ്റ്റംബർ 7-ാം തീയതി അവിടെ തുരുത്തിപറമ്പ് പന്തൽക്കുട്ടം വീട്ടിൽ രഘുവരൻ എന്നുവിളിക്കുന്ന രഘുകുമാറിനെ പോലീസ് അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി. ഈ കേസിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്നു കണ്ടതുകൊണ്ട് അന്വേഷണ ചുമതല ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു. ഒരു ഡി.ഐ.ജി. യുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെതന്നെ നിയോഗിച്ച് കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുള്ളതാണ്. പ്രത്യേക ടീമിന്റെ അന്വേഷണത്തിൽ അറസ്റ്റിലായ ഒരു പ്രതിയെ കൂടാതെ മറ്റാർക്കെങ്കിലും ഈ സംഭവവുമായിട്ട് ബന്ധം ഉണ്ടോയെന്നു അറിയുന്നതിനുവേണ്ടിയിട്ടാണ് ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ രഘുവരനെ ബാംഗ്ലൂരിലെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 21-3-2005, 22-3-2005 എന്നീ തീയതികളിൽ ബ്രെയിൻ മാപ്പിംഗ് പോളിഗ്രാഫ് ടെസ്റ്റുകളും 15-4-2005, 16-4-2005 തീയതികളിൽ നാർക്കോ അനാലിസിസ് പരിശോധനയും നടത്തിയിട്ടുണ്ട്. ആയതിന്റെ പരിശോധനാ ഫലം ഇതുവരെ ലഭിച്ചിട്ടില്ല. ആയതു കിട്ടിയാൽ മാത്രമെ ഈ സംഭവവുമായി മറ്റ് ആരെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടോയെന്നു അറിയാൻ കഴിയൂ. ഇപ്പോൾ എറണാകുളം ക്രൈംബ്രാഞ്ച് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീമാണ് ഇത് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഈ കേസിൽ അറസ്റ്റിലായ രഘുവരൻ 1995-ൽ ചാലക്കുടിയിൽ ഒരു കോൺഗ്രസ് പ്രവർത്തകനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായി 8 വർഷത്തെ കഠിനതടവിന് കോടതി ശിക്ഷിച്ച് ആ ശിക്ഷ കഴിഞ്ഞ് പുറത്തു വന്നിട്ടുള്ള ആളാണ്. ഇന്നലെ മുതൽ ഈ പ്രതി ഈ കേസ് അന്വേഷണത്തിൽ അദ്ദേഹത്തിന് വിശ്വാസമില്ല അന്വേഷണം സി.ബി.ഐ.-ക്ക് വിടണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ജയിലിൽ നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. വളരെയധികം കോളിളക്കം ഉണ്ടാക്കിയ ഒരു കേസാണിത്. ഈ കേസിലെ യഥാർത്ഥ പ്രതിയെ കണ്ടെത്തുന്നതിനുവേണ്ടിയിട്ടുള്ള അന്വേഷണം ശക്തമായിട്ട് നടക്കുകയാണ്. അത് ഏറ്റവും കാര്യക്ഷമമായിട്ട് തന്നെ മുന്നോട്ട് പോകും. ഈ പരിശോധനാ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ അവസാന രൂപത്തിൽ എത്താൻ സാധിക്കുമെന്നുള്ളതാണ് അന്വേഷണ ടീമിന്റെ വിശ്വാസം. അതിനുവേണ്ട എല്ലാ നടപടികളും എടുക്കുമെന്നു ഉറപ്പു പറയുകയാണ്.

GPM. 2/573/2012—28

LIBRARY ARCHIVES Kerala Legislative Assembly